**Publication:** Metro Vartha
**Date:** 10.10.2015
**Page:**11
**Headline:**TCS IT Wiz: Mar Baselios public school Kottayam are the winners

# ടാറ്റാ ക്രൂസിബിൾ കോർപ്പറേറ്റ് ക്വിസ് മത്സരത്തിൽ ഐഡിയ കൊച്ചി മേഖല വിജയികളായി

കൊച്ചി: ടാറ്റാ ക്രൂസിബിൾ കോർപ്പറേറ്റ് ക്വിസ് 2015 ന്റെ കൊച്ചി മേഖലാ മത്സരത്തിൽ ഐഡിയ സെല്ലുല്ലാർ ലിമിറ്റഡിന്റെ ആനന്ദൻ, വിവേക് വാസു സഖ്യം വിജയികളായി. ക്രാഫ്റ്റ് ലാബിന്റെ എ. എസ്. അരുൺ, കെ. വി. ശ്രീറാം ടീമാണ് റണ്ണേഴ്സ് അപ്പ്. ഒന്നാം സ്ഥാനക്കാർക്ക് 75,000 രൂപയും, റണ്ണേഴ്സ് അപ്പിന് 35,000 രൂപയും ക്യാഷ് അവാർഡ് ടാറ്റാ കൺസൾട്ടൻസി സർവീസസ് വൈസ് പ്രസിഡന്റ് ആൻഡ് ഡെലിവറി ഹെഡ് ദിനേശ് പി. തമ്പി സമ്മാനിച്ചു.

കൊച്ചിയിലെ വിവിധ കോർപ്പറേറ്റ് കമ്പനികളെ പ്രതിനിധീകരിച്ച് 33 ടീമുകളാണ് മത്സരത്തിനെത്തിയത്. ഐഡിയ സെല്ലുല്ലാർ ലിമിറ്റഡിന്റെ ടീം ബംഗളുരുവിൽ നടക്കുന്ന സോണൽ ഫൈനൽ മത്സരത്തിൽ പങ്കെടുക്കാൻ അർഹത നേടി. അഞ്ച് ലക്ഷം രൂപയും ട്രോഫിയുമാണ് ദേശീയതല വിജയികൾക്ക് സമ്മാനം.